**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2497** **13-09-2023 - ൽ മറുപടിയ്ക്ക്**

**സർക്കാർ അതിദരിദ്രർക്കുവേണ്ടി ചെലവഴിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | അതിദരിദ്രരെ കണ്ടെത്തുന്നതിനുവേണ്ടി ഈ സർക്കാർ ഇതുവരെ ചെലവഴിച്ച തുക എത്ര എന്ന് വ്യക്തമാക്കുമോ; | (എ) | അതിദരിദ്രരെ കണ്ടെത്തുന്നതിന് സർവേ, മൊബൈൽ ആപ്ലിക്കേഷൻ & വെബ്പോർ ട്ടൽ തയ്യാറാക്കുന്നതിന് PAN ENVIRON INDIA PVT LTD ന് 11,40,000/- (പതിനൊന്നു ലക്ഷത്തി നാല്പതിനായിരം )രൂപയും SECURITY AUDIT-ന് വേണ്ടി MIROX CYBER SECURITY & TECHNOLOGY PVT LTD ന് 94,400/-(തൊണ്ണൂറ്റി നാലായിരത്തി നാന്നൂറ്) രൂപയും (ആകെ 12,34,400/-രൂപ) കുടുംബശ്രീ ഫണ്ടിൽ നിന്നും വിനിയോഗിച്ചു. 2023 -24 ബഡ്ജറ്റിൽ 2515 -00-102 -25(P )എന്ന ശീർഷകത്തിൽ 50 കോടി രൂപ നീക്കി വച്ചിട്ടുണ്ട് |
| (ബി) | അതിദരിദ്രർക്കുവേണ്ടി 2023 ജൂലായ് 31 വരെ ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ? | (ബി) | തദ്ദേശ സ്ഥാപനങ്ങൾ ഡെവലപ്മെന്റ് ഫണ്ട്, തനത് ഫണ്ട്, ഇതര ഫണ്ടുകൾ എന്നിവയിൽ നിന്നാണ് അതിദരിദ്രർക്ക് വേണ്ടി മൈക്രോ പ്ലാനുകൾക്കുള്ള തുക വിനിയോഗിക്കുന്നത്. സുലേഖ സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമായ വിവരം അനുസരിച്ച് ഇങ്ങനെ 6272.56 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ